LIBRARY ARCHIVES Kerala Legislative Assembly

ടാർ ലഭ്യമാക്കാൻ നടപടി

*6 [609] *ശ്രീ. വി. ജെ. പൗലോസ്:*
,, *ബി. വിജയകുമാർ:*
,, *വി. ഡി. സതീശൻ:*
,, *എം. എം. ഹസ്സൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പിന്റെ റോഡു പണിക്ക് പ്രതിവർഷം എന്തു തുകയുടെ ടാർ വേണ്ടിവരുമെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ടാർ എവിടെ നിന്നാണ് വാങ്ങുന്നത്;

(സി) 2004 ഡിസംബർ 15-ാം തീയതിയിലെ കണക്ക് പ്രകാരം ടാർ സപ്ലൈ ചെയ്ത വകയിൽ എന്തു തുക കൊടുത്തു തീർക്കുവാനുണ്ട്;

(ഡി) ഈ തുക നൽകാത്തതിനാൽ 2004 ഡിസംബർ മുതൽ ടാർ സപ്ലൈ ചെയ്യുന്നത് നിർത്തിവച്ചിട്ടുണ്ടോ?

മരാമത്തു വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ):*

(എ) 65 കോടി രൂപയുടെ ടാർ റോഡു വിഭാഗത്തിലും 25 കോടി രൂപയുടെ ടാർ ദേശീയപാത വിഭാഗത്തിലും വേണ്ടിവരും.

(ബി) കൊച്ചിൻ റിഫൈനറി (കെ.ആർ.എൽ), ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം ലിമിറ്റഡ് എന്നിവിടങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്.

(സി) പാതകളും പാലങ്ങളും വിഭാഗത്തിൽ 64.03 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ട്. ദേശീയപാത വിഭാഗത്തിൽ തുകയൊന്നും കൊടുത്തു തീർക്കുവാനില്ല.

(ഡി) ഇല്ല.

റീസർവ്വെ പുരോഗതി

*7 [610] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
ശ്രീ. വി. കെ. സി. മമ്മത് കോയ:
,, *വി. കെ. ചന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) എത്ര വില്ലേജുകളിലെ റീസർവ്വേ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്;

(സി) എത്ര വില്ലേജുകളിലാണ് റീസർവ്വേ പ്രവർത്തനം ഇനിയും ആരംഭിക്കാനുള്ളത്;